## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *230 17/08/2017-ൽ മറുപടിയ്ക്ക്

### പട്ടികഗോത്രവർഗ്ഗ പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.വി. അൻവർ<br>" കെ.വി. വിജയദാസ്<br>" കാരാട്ട് റസാഖ്<br>" കെ. സുരേഷ് കുറുപ്പ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടിക ഗോത്ര വർഗ്ഗ പട്ടികജാതി ക്കാരുടെ സാമ്പത്തിക വികസനത്തി നായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി., അടിയ പണിയ പാക്കേജ്, സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്നീ സ്കീമുകളിലുൾപ്പെടുത്തി, കൃഷി, മൃഗസംരക്ഷണം, തൊഴിലുപകരണ വിതരണം, ചെറുകിട കച്ചവടം, നൈപുണ്യ വികസനം സംരംഭകത്വ വികസനം എന്നീ സാമ്പത്തിക വികസന പരിപാടികളാണ് നടപ്പിലാക്കുന്നത്. (വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു).<br><br>ഇതിനു പുറമെ **"ഗോത്രജീവിക"** എന്ന പ്രത്യേക പദ്ധതി പ്രകാരം 1140 പേരെ പരിശീലനം നല്കി സ്വയം സംരംഭകരാക്കുന്നതിനുള്ള പരിപാടികൾ നടന്നു വരുന്നു. (വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).<br><br>കുടുംബശ്രീയുടെ സുസ്ഥിര വികസന പദ്ധതിയിലൂടെ 3.50 കോടി രൂപ ചെലവു വരുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു (വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു). |

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള സ്വയം തൊഴിൽ വായ്പാപദ്ധതികൾക്ക് ധനസഹായം. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു കൊണ്ടും വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നല്കി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ.
2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.

വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നല്കിയിട്ടുണ്ട്.

| **പദ്ധതികൾ** | **തൊഴിൽ ലഭിച്ചവരുടെ എണ്ണം** |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 15 (38 പേരെക്കൂടി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു). |

പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി വികസനവകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | 1. സ്വയം തൊഴിൽ പദ്ധതി<br>2. വക്കീലൻമാർക്കുള്ള ധനസഹായം<br>3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റീസ്ഷിപ്പ്<br>4. ടൂൾകിറ്റ്<br>5. ഉൽപ്പന്ന പ്രദർശന വിപണന മേള<br>6. സ്വയം പര്യാപ്ത ഗ്രാമങ്ങൾ<br>7. വിദേശ തൊഴിൽ ധനസഹായം |
| **(ബി)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികഗോത്രവർഗ്ഗ പട്ടിക ജാതിക്കാരായിട്ടുള്ള എത്ര പേർക്ക് സ്വയം തൊഴിൽ പദ്ധതി യുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്; | **(ബി)** | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു ആയതിന് **"പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം"** എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി., എന്നീ പദ്ധതികളി ലുൾപ്പെടുത്തി നൈപുണ്യ വികസനപദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു.<br><br>2016-17 വർഷം മുതൽ **ഗോത്രജീവിക** എന്ന പദ്ധതി പ്രകാരം 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നല്കി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നല്കുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് മുഖേന നടപ്പിലാക്കിവരുന്നു. (പദ്ധതി വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).<br><br>ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നല്കുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 1. മിൽമ<br>2. കുടുംബശ്രീ<br>3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്<br><br>സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി **'ഗദ്ദിക'** പോലുള്ള സാസ്കാരിക പരിപാടികൾ നടപ്പിലാക്കി വരുന്നു. [illegible]<br><br>പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനായി 2016-17 സാമ്പത്തിക വർഷം സ്വയം തൊഴിൽ വായ്പാ സബ്സിഡി പദ്ധതി പ്രകാരം ആകെ 542 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെയും സ്വയംതൊഴിൽ പദ്ധതികളിലൂടെയും 2016-17 വർഷത്തിൽ 3944 പേർക്ക് തൊഴിൽ നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| **(സി)** | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ ലഭിച്ചവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | **(സി)** | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 3462 ഗുണഭോക്താക്കൾക്കായി 3607.74 ലക്ഷം രൂപ സ്വയം തൊഴിൽ വായ്പയായി നല്കിയിട്ടുണ്ട്. ഇതിൽ 3358.69 ലക്ഷം രൂപയുടെ വായ്പ 3217 പട്ടികജാതി ഗുണഭോക്താക്കൾക്കായും 249.05 ലക്ഷം രൂപയുടെ വായ്പ 245 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായും നല്കിയിട്ടുണ്ട്. |
| **(ഡി)** | അഭ്യസ്തവിദ്യരായ പട്ടികഗോത്ര വർഗ്ഗ യുവതീയുവാക്കളിൽ സംരംഭകത്വ താല്പര്യം ഉയർത്തുന്നതിനായി പ്രഖ്യാപിച്ച "ട്രൈബൽ സ്റ്റാർട്ട്അപ്പ്" കളുടെ സ്ഥിതി അറിയിക്കാമോ? | | പട്ടികവർഗ്ഗക്കാരുടെ ട്രൈബൽ സ്റ്റാർട്ട് അപ്പ് ആരംഭിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനവും, നൈപുണ്യ വികസനവും ഫിനാൻഷ്യൽ മാനേജ്മെന്റിൽ നേതൃത്വപാടവവും, സ്വായത്തമാക്കുന്നതിനുമായി അവർക്ക് പ്രത്യേക പരിശീലന പരിപാടികൾ സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്പമെന്റിന്റെ നേതൃത്വത്തിൽ കേരളത്തിലാകമാനമായി പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടന്നു വരുന്നു. ഈ സംരംഭകത്വ പരിശീലന പരിപാടികൾ പൂർത്തിയാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട ട്രൈബൽ സ്റ്റാർട്ട് അപ്പുകൾ നിലവിൽ വരുന്നതാണ്. കൂടാതെ കുടുംബശ്രീയുടെ സുസ്ഥിര വികസന പദ്ധതികളുടെ ഭാഗമായി "ട്രൈബൽ സ്റ്റാർട്ട് അപ്പ്" ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**കോർപ്പസ് ഫണ്ട്, എസ്.സി.എ.ടു റ്റി.എസ്.പി, ആർട്ടിക്കിൾ 275(1), അടിയ പണിയ പാക്കേജ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെച്ചേർക്കുന്നു.**

**കോർപ്പസ് ഫണ്ട്**

- പോൾട്രി വികസനം
- കച്ചവടം വിപുലപ്പെടുത്തൽ
- തൊഴിലുപകരണങ്ങളുടെ വിതരണം
- റബ്ബർ റോളർ വിതരണം
- തയ്യൽമെഷീനുകളുടെ വിതരണം
- പാൽക്കറവ യന്ത്ര വിതരണം
- ആട്, പശു,കോഴി വളർത്തലിനുള്ള സഹായം
- വീഡ് കട്ടർ വിതരണം
- കൃഷി വികസന പദ്ധതികൾക്കുള്ള സഹായം.
- മത്സ്യ വിപണനം
- പി.എസ്.സി കോച്ചിംഗ്

**എസ്.സി.എ.ടു റ്റി.എസ്.പി.**

**കൃഷി വികസനം**

കുരുമുളക് ,വാഴ, കപ്പ, റബ്ബർ, ഏലം, കരനെൽ കൃഷി, ഇഞ്ചി, തെങ്ങ് തുടങ്ങിയ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചു.

**ജീവനോപാധി വരുമാനദായക പദ്ധതികളായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.**

- പെട്ടിക്കട
- വീഡ് കട്ടർ വിതരണം
- പോൾട്രി വികസനം
- ആട്, പശു,കോഴി വളർത്തലിനുള്ള സഹായം
- തയ്യൽമെഷീനുകളുടെ വിതരണം
- യന്ത്രവൽകൃത തെങ്ങുകയറ്റം
- ഗാർമെന്റ് മേക്കിംഗ് യൂണിറ്റ്
- ഡയറി ഡവലപ്പ്മെന്റ് യൂണിറ്റ്.
- ഫോട്ടോസ്റ്റാറ്റ് മെഷീൻ
- തൊഴിലധിഷ്ഠിത സംഗീത ഉപകരണങ്ങൾ
- ഡ്രൈവിംഗ് പരിശീലനം
- കയർ ഉൽപാദന യൂണിറ്റ്
- യന്ത്രവൽകൃത മരംവെട്ടൽ
- മെഴുകുതിരി നിർമ്മാണം
- ഫർണിച്ചർ നിർമ്മാണം
- പോത്തുക്കുട്ടി പരിപാലനം.

**ആർട്ടിക്കിൾ 275(1)**

**ഈ പദ്ധതിയിൽ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി**

- ജാതി കൃഷി
- കരയാമ്പൂ കൃഷി
- കസ്തൂരി മഞ്ഞൾ കൃഷി
- ഇഞ്ചി കൃഷി
- ജലസേചനത്തിനുള്ള പമ്പ് വിതരണം
- സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ആന്റ് ലാന്റ് സർവെയിൽ പ്രത്യേക തൊഴിൽ പരിശീലനം
- ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം

**അടിയ പണിയ പാക്കേജ്**

- കറവപ്പശു വിതരണം
- ആട് വളർത്തൽ
- പണിയായുധങ്ങൾ വാങ്ങി നൽകുന്നത്
- കാടുവെട്ടു മെഷീൻ വിതരണം

**2016-17 മുതൽ പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം ലഭിച്ച് പ്ലെയിസ്മെന്റ് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം.**

| ക്രമ. നം | പദ്ധതി | തുക | വർഷം | പരിശീലനം ലഭിച്ച / പ്ലെയിസ്മെന്റ് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | **നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ** പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും പരിശീലനം | 362.00 ലക്ഷം | 2016-17 | 303 |
| 2 | **സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി** (CBPST) Plastic product design &Development plastic product Manufacturing &Quality control എന്നീ കോഴ്സുകൾക്ക് പരിശീലനം | 60.00 ലക്ഷം | 2016-17 | 50 |
| 3 | അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് (ECIT) **ഇലക്ട്രോണിക്സ് കോ-ഓപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്** മുഖേന ഡി.സി.എ.കോഴ്സ് പരിശീലനം | 38.25 ലക്ഷം | 2016-17 | 21 |

| | | | | |
|---|---|---|---|---|
| 4 | **എത്തിയോസ് ഹൗസ് കീപ്പിംഗ് ആന്റ് ഫുഡ് ബിവറേജസ്.** | 66.88 ലക്ഷം | 2017-18 | 125 (പ്ലയിസ്മെന്റോടു കൂടിയ പരിശീലന പരിപാടി) |

**2016-17 ൽ കാർഷിക** പരമ്പരാഗത മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ **ചേർക്കുന്ന** സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| **മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതി** 2016-17 | | | |
|---|---|---|---|
| **ജില്ല** | തുക | ഗുണഭോക്താക്കളുടെ എണ്ണം | |
| മലപ്പുറം | 128.58 ലക്ഷം | 40 | |
| എറണാകുളം-കുട്ടമ്പുഴ(എറണാകുളം) | 162.11 ലക്ഷം | 40 | |
| കാസർഗോഡ്(മലബാർ) | 242.18 ലക്ഷം | 100 | |
| തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, പത്തനംതിട്ട(തിരുവനന്തപുരം) | 45.60 ലക്ഷം | 30 | |
| **കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതി** | | | |
| പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി. | 350.00 ലക്ഷം | 2016-17 | 18,000 |
| **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്** | | | |
| മീറ്റ് ഫോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നത് | 30.00 ലക്ഷം | 2016-17 | 10 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2.

## സുസ്ഥിരമായ ജീവനോപാധി ഉറപ്പാക്കുന്നതിനുള്ള പദ്ധതി ഗോത്രജീവിക.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും, ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റു (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ(ഊരുകളിൽ) വച്ചു പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ഗോത്ര ജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

### പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

***ഒന്നാം ഘട്ടം***

ഒന്നാം ഘട്ടത്തിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ വൈദഗ്ധ്യ വിടവ് (Skill – Gap) വിലയിരുത്തൽ
- അവസരങ്ങളെ കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശക ശില്പശാലകൾ
- പരിശീലന മേഖലകളുടെ തെരഞ്ഞെടുക്കൽ
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

***രണ്ടാം ഘട്ടം***

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ മേഖലകളിലുള്ള പ്രായോഗിക പരിശീലനമാണ് അടുത്തഘട്ടം. വികേന്ദ്രീകൃതമായവിധം കൂടുതൽ ഗുണഭോക്താക്കളുള്ള ആദിവാസി മേഖലകളിൽ വച്ചാണ് ഓരോ പരിശീലനവും സംഘടിപ്പിക്കുന്നത്. പരിശീലന സ്ഥാപനമായസി.എം.ഡി. യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഓരോ പരിശീലനവും നടത്തുന്നത്. പരിശീലന ഇനങ്ങളെ താഴെപ്പറയുംവിധം തരംതിരിച്ചിരിക്കുന്നു.

1. **ഉത്പ്പന്ന അധിഷ്ഠിതം**

വസ്ത്ര നിർമ്മാണം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം.

2. **സേവന/ജോലി അധിഷ്ഠിതം.**

മേസ്തിരി, ഇലക്ട്രീഷ്യൻ. പ്ലംബിംഗ്, ഡ്രൈവിംഗ്,മരപ്പണി

***മൂന്നാം ഘട്ടം***

പരിശീലനങ്ങൾ വിജയകരമായി പൂർത്തീകരിച്ച 1140 പേർക്ക് താഴെപറയുംവിധമുള്ള സംവിധാനങ്ങളിലൂടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

1. സ്വയംതൊഴിൽ സംരംഭങ്ങൾ
2. വൈദഗ്ധ്യമുള്ള തൊഴിലാളി
3. നിലവിലുള്ള തൊഴിലവസരങ്ങളുമായി ബന്ധിപ്പിച്ച് തൊഴിൽ നൽകുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം 3

## കുടുംബശ്രീയുടെ ഗോത്രവർഗ്ഗ കുടുംബങ്ങളുടെ സുസ്ഥിര വികസന പദ്ധതി

കുടുംബശ്രീയുടെ വികസന ഇടപെടലുകളുടെ ആധാരമായ അയൽക്കൂട്ട സംവിധാനം മുഴുവൻ ഗോത്രവർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തി വിപുലീകരിക്കുക, പുതുതായി രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് വകയിരുത്തിയിട്ടുള്ള 10000/- രൂപയുടെ കോർപ്പസ് ഫണ്ട് അയൽക്കൂട്ടത്തിന് നല്കുക. പുതുതായി രൂപീകരിക്കുന്ന ജെ. എൽ .ജികൾക്ക് 2000/- രൂപയുടെ കോർപ്പസ് ഫണ്ടും ഇൻഷുറൻസ് പരിരക്ഷയും, പട്ടികവർഗ്ഗ റിസോഴ്സ് പേഴ്സൺമാരായ ആനിമേറ്റേഴ്സ്/കോർഡിനേറ്റർ എന്നിവരുടെ നിരന്തര മേൽനോട്ടം, ഊരുക്കൂട്ടങ്ങളെ മേഖലയിലെ വികസനകാര്യങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസം മുടങ്ങിയവർക്ക് പഠനം തുടരുവാനുള്ള സൗകര്യം, പട്ടികവർഗ്ഗക്കാർക്ക് ഫലപ്രദമായി ഇടപെടാൻ സഹായം നല്കുന്ന പരിശീലനങ്ങൾ, അയൽക്കൂട്ടങ്ങൾ നിർജ്ജീവമാക്കുന്ന അവസ്ഥ തടയുകയും, അവയുടെ സുസ്ഥിരത ഉറപ്പുവരുത്തി ഗോത്രവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്വയം തൊഴിലിനു വേണ്ട വൈദഗ്ധ്യ പരിശീലനം, മറ്റു അവബോധ പരിപാടികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനവിഭവങ്ങളുടെ ശേഖരണം, വിപണനം എന്നിവയ്ക്കു വേദികളൊരുക്കുവാനും. ഗ്രാമീണ മേഖലകളിലെ കാർഷിക രംഗത്തിന് പുത്തനുണർവ്വ് നല്കിയ സംഘകൃഷിയുടെ സാദ്ധ്യതകൾ പട്ടിക വർഗ്ഗ മേഖലയിൽ പ്രയോജനപ്പെടുത്താനും പദ്ധതി ഉദ്ദേശിക്കുന്നു ഇതിനുപുറമേ പട്ടികവർഗ്ഗ മേഖലയിലെ യുവജനങ്ങൾക്ക് എംപ്ലോയ്മെന്റ് പി.എസ്.സി, സ്കിൽ പ്ലേസ്മെന്റ്, മറ്റ് തൊഴിൽ സേവനങ്ങൾ ലഭ്യമാക്കൽ, **ആദിവാസി മേഖലയിലെ കരകൗശല ഉൽപ്പന്നങ്ങളെയും, പാരമ്പര്യ ഭക്ഷണങ്ങളെയും പ്രോൽസാഹിപ്പിക്കിന്നതിനു വേണ്ടി മറ്റു വകുപ്പുകളുടെ സഹായത്തോടെ വിപണനവും മേളയും** ഉൾപ്പെടെ സമഗ്രമായ ഒരു ഇടപെടലാണ് കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്നത്.പ്രസ്തുത പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനും കുടുംബശ്രീ നേതൃത്വവും പിൻതുണയും നൽകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ 11,40,00,000/- രൂപയാണ്. ഇതിൽ 3,50,00,000/- രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിലും 6,50,00,000/- രൂപ കുടുംബശ്രീ ഫണ്ടിലും 1,40,00,000/- രൂപ എൻ ആർ എൽ എം ഫണ്ടിലും വകയിരുത്തിയിരിക്കുന്നു.

Haripriya
സെക്ഷൻ ഓഫീസർ